(ഇ) ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗ തീരുമാനപ്രകാരം റാന്നി താലൂക്കാശുപത്രിക്കാവശ്യമായ പോസ്റ്റുകൾ അനുവദിക്കുന്നതുസംബന്ധിച്ച് സമർപ്പിച്ച ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇതുസംബന്ധിച്ച് നിർദ്ദേശങ്ങളടങ്ങിയ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഫയൽ സമർപ്പിക്കുന്നതിന് കാലവിളംബം വരുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉദ്യോഗസ്ഥർ ഇതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ ഇവിടെ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഡോ. ശ്രീജിത്ത് (അസിസ്റ്റന്റ് സർജൻ)
2. ഡോ. ശ്രീനാഥ് എസ്. പിള്ള (അസിസ്റ്റന്റ് സർജൻ)
3. ഡോ. പ്രശാന്ത് (ജൂനിയർ കൺസൾട്ടന്റ്-ഗൈനക്കോളജി)

(സി) അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പിലെ (15906/എ1/2015)ഫയലിൽ പരിശോധിച്ചുവരികയാണ്.

(ഇ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ആരോഗ്യ വകുപ്പിലെ ഫയൽ 15906/എ1/2015 18-11-2015-ൽ ധനവകുപ്പിന് നൽകിയിരുന്നെങ്കിലും 9-2-2016-ലാണ് തിരികെ ലഭിച്ചിട്ടുള്ളത്. ഇതിൽ നടപടി സ്വീകരിച്ചുവരികയാണ്. ആരോഗ്യ വകുപ്പിൽനിന്നും ഫയൽ സമർപ്പിക്കുന്നതിൽ കാലവിളംബം ഉണ്ടായിട്ടില്ല.

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതികൾ

29(727) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന വിഷയത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) പദ്ധതിയിൽ ഉൾപ്പെടുത്തി പുളിക്കീഴ് മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

* ഈ ഫ്രെയിമിൽ ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) പദ്ധതിയിൽ ഉൾപ്പെടുത്തി പുല്ലുക്കാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

മാതൃശിശു സംരക്ഷണം:

മാതൃശിശു സംരക്ഷണത്തിന്റെ ഭാഗമായി ജനനി സുരക്ഷാ യോജന, ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് സാമ്പത്തിക സഹായം, വിദ്യാലയ ആരോഗ്യ പരിപാടി, പ്രതിവാര അയൺഫോളിക് പോഷണ പരിപാടി, ആർ.ബി.എസ്.കെ., കൗമാര ആരോഗ്യ ക്ലിനിക്, മൊബൈൽ ഹെൽത്ത് പരിപാടിയുടെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾക്കായുള്ള സാമ്പത്തിക സഹായം, കൗമാര ബോധവൽക്കരണ പരിപാടികൾ, മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനങ്ങളും ലഭ്യമാക്കുന്നു.

മാനവവിഭവശേഷി :

താലൂക്കാശുപത്രി പുല്ലുക്കാട്, സി.എച്ച്.സി. മറ്റത്തൂർ, പി.എച്ച്.സി. വരന്തരപ്പിള്ളി എന്നീ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, സ്റ്റേറ്റ് ഹെൽത്ത് ഇൻഫർമേഷൻ ഓഫീസർമാർ, ബ്ലോക്ക് പി.ആർ.ഒ. എന്നീ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

പാലിയേറ്റിവ് പരിചരണ പദ്ധതികൾ

പാലിയേറ്റിവ് പരിചരണ പരിപാടിയുടെ ഭാഗമായി ഹോം കെയർ പരിപാടിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നു.

അംഗീകൃത സാമൂഹികാരോഗ്യ പ്രവർത്തക (ആശ) :

ആശാ പ്രവർത്തകർക്ക് പരിശീലനം നൽകി ആരോഗ്യ രംഗത്ത് സേവനങ്ങൾ നൽകുന്നതിന് സജ്ജരാക്കിയിരിക്കുന്നു.

ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ആദിവാസി മേഖലകളിൽ പ്രത്യേകമായി ക്യാമ്പയിനുകൾ സംഘടിപ്പിക്കാൻ ഫണ്ടുകൾ നൽകിയിട്ടുണ്ട്.

ജീവിതശൈലീരോഗ നിർണ്ണയ നിയന്ത്രണ പരിപാടിയുടെ ഭാഗമായുള്ള സേവനങ്ങളും മറ്റ് ദേശീയ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായിട്ടുള്ള സേവനങ്ങളും നൽകുന്നുണ്ട്.

ആരോഗ്യ സ്ഥാപനങ്ങൾക്കാവശ്യമായിട്ടുള്ള ആശുപത്രി ഉപകരണങ്ങൾ, പ്രത്യേകമായി ഡയാലിസിസ് യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ, ഉപാധിരഹിത ഫണ്ടുകൾ, വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ടുകൾ, എച്ച്.എം.സി. ഫണ്ട്, വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതിക്കുള്ള ഫണ്ട് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എൻ.എച്ച്.എം. ഫണ്ടുപയോഗിച്ച് സി.എച്ച്.സി. മുട്ടത്തുർ ഒ.പി. ബ്ലോക്ക് നിർമ്മിക്കുകയുണ്ടായി. ഇതിൽ ഒ.പി. ടിക്കറ്റ് നൽകുന്നതിന് രോഗികൾക്കുള്ള വെയിറ്റിംഗ് സ്ഥലം, ഡോക്ടർമാർക്കുള്ള പരിശോധനാമുറി എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

സംസ്ഥാന ആരോഗ്യ സർവ്വീസിലെ ഡോക്ടർമാരുടെ അവധി

30(728) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ സർവീസിൽ നിന്ന് ശൂന്യവേതന അവധി എടുത്ത് പുറത്തു ജോലി ചെയ്യുന്ന ഡോക്ടമാരുടെ എണ്ണമെത്ര ;

(ബി) പ്രസ്തുത ഡോക്ടർമാരുടെ എൻട്രി കേഡർ മുതൽ ഡി.എം.ഒ. വരെയുള്ള തസ്തികകളിലെ ശമ്പള സ്കെയിൽ എത്ര;

(സി) ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡറിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ ഉണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഒന്ന്.

(ബി) അഡ്മിനിസ്ട്രേറ്റീവ്, സ്പെഷ്യലിസ്റ്റ്, ജനറൽ കേഡറുകളിലെ സർക്കാർ ഡോക്ടർമാരുടെ ശമ്പള സ്കെയിൽ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.[1]

(സി) കൺസൾട്ടന്റ് : 235

ചീഫ് കൺസൾട്ടന്റ് : 2

സീനിയർ കൺസൾട്ടന്റ് : ...

ജൂനിയർ കൺസൾട്ടന്റ് : 80

കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ്

31(729) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കുമോ:

[1] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly